# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2652**      **02/04/2013 ൽ മറുപടിക്ക്**

**സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്രീയ വിദ്യാലയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്രീയ വിദ്യാലയങ്ങൾ എത്രയാണ്; 2012-13 വർഷം എല്ലാ സ്കൂളുകളിലെയും എല്ലാ ഡിവിഷനുകളിലുമായി മൊത്തം എത്ര വിദ്യാർത്ഥികൾ ഉണ്ടെന്ന് വിശദമാക്കുമോ; | എ) | 2012-13 ലെ കണക്ക് ശേഖരിച്ചു വരുന്നു. |
| ബി) | എല്ലാ കേന്ദ്രീയ വിദ്യാലയങ്ങളിലും മലയാളം ഭാഷ പഠിപ്പിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം ക്ളാസ്സുകളിൽ ; | ബി) | എല്ലാ കേന്ദ്രീയ വിദ്യാലയങ്ങളിലും മലയാളം പഠിപ്പിക്കുന്നില്ല |
| സി) | മലയാളം പഠിപ്പിക്കാത്ത ക്ളാസ്സുകളിൽ മലയാളം പഠിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) | കേന്ദ്രീയ വിദ്യാലയങ്ങൾ, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകൾ എന്നിവയുടെ പാഠ്യ പദ്ധതി തയ്യാറാക്കുന്നത് എൻ.സി.ഇ.ആർ.ടി ആകയാൽ അതിന് മാറ്റം വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല. സി.ബി.എസ്.ഇ സ്കൂളുകളിൽ പ്രാദേശിക ഭാഷ പഠിപ്പിക്കണം എന്ന നിബന്ധന ഉണ്ട്. എന്നാൽ പല സ്കൂളുകളും ആയതു പാലിക്കുന്നില്ല. |
| ഡി) | 2013-14 അദ്ധ്യയനവർഷം മുതൽ എല്ലാ ക്ളാസ്സുകളിലും മലയാളം ഭാഷ കൂടി പഠിക്കാനുള്ള അവസരം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുമോ; | ഡി) | കേന്ദ്രീയ വിദ്യാലയങ്ങളിൽ എൻ.സി.ഇ.ആർ.ടി സിലബസാകയാൽ അതിന് മാറ്റം |

വരുത്തുവാൻ സംസ്ഥാന സർക്കാരിന് കഴിയില്ല.

ഇ) കേരളത്തിലെ കേന്ദ്രീയ വിദ്യാലയങ്ങളിൽ ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം, ജർമ്മൻ, ഫ്രഞ്ച് തുടങ്ങിയ ഭാഷകൾ പഠിപ്പിക്കുമ്പോൾ, വിദ്യാർത്ഥികൾ ഏറ്റവും കൂടുതൽ മലയാളികളായിരിക്കേ മലയാള ഭാഷ പഠിപ്പിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഇ) കേന്ദ്രീയ വിദ്യാലയങ്ങളിൽ എൻ.സി.ഇ.ആർ.ടി സിലബസാകയാൽ അതിൽ മാറ്റം വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല എന്ന ബഹു. ഹൈക്കോടതിയുടെ ഡബ്ളിയു.പി(സി) നം.2435/12(ഡി) ഉത്തരവിൽ പരാമർശിക്കുന്നതിനാൽ 1/9/2011 ലെ സർക്കാർ ഉത്തരവ് നം.183/11/പൊ.വി.വ പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്രീയ വിദ്യാലയങ്ങളിലും സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകളിലും പൂർണ്ണമായി നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ല സി.ബി.എസ്.ഇ സ്കൂളുകളിൽ പ്രാദേശിക ഭാഷ പഠിപ്പിക്കണം എന്ന നിബന്ധന ഉണ്ട്. എന്നാൽ പല സ്കൂളുകളും ആയതു പാലിക്കുന്നില്ല

സെക്ഷൻ ഓഫീസർ.